79. പാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ കടലാസ് വാങ്ങിയ ഇനത്തിൽ 3 കോടി രൂപ അധികം ചെലവായി. നാവിക അക്കാഡമിയുടെ സ്ഥലമെടുക്കുന്നതിന് കൂടുതലായി 5 കോടി രൂപ വേണ്ടിവന്നു. കശുവണ്ടി കോർപ്പറേഷന് ഈ വർഷം നൽകിയ പ്രത്യേക കടമായ 3 കോടി രൂപ പ്രതീക്ഷിച്ചതുപോലെ ഈ വർഷം തന്നെ തിരിച്ചടയ്ക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് ആ ഇനത്തിൽ 3 കോടി രൂപ ഈ വർഷത്തെ അധിക ബാദ്ധ്യതയായിത്തീർന്നു. അതുപോലെ 2 കോടി രൂപ 'കാപ്പക്സി'നു നൽകിയതും തിരിച്ചുകിട്ടാത്തതുകാരണം ഈ വർഷത്തെ അധികചെലവായി മാറി. എൻ.ആർ.ഇ.പി. പദ്ധതിക്ക് കൂടുതൽ കേന്ദ്രസഹായം വാങ്ങുവാൻ വേണ്ടി ബഡ്ജറിൽ വകകൊള്ളിച്ചിരുന്ന നമ്മുടെ വിഹിതത്തിൽ 2.60 കോടി രൂപയുടെ വർദ്ധനവ് വരുത്തി. തൊഴിലില്ലായ്മ വേതനത്തിന് 2 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷന് ഒരു കോടി രൂപയും ബഡ്ജറിൽ വകകൊള്ളിച്ചിരുന്നതിൽ കൂടുതലായി നൽകി. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭിക്കേണ്ടിയിരുന്ന നികുതി, പലിശ ഇനങ്ങളിൽ വന്ന കുറവ് 30 കോടി രൂപയാണ്. അങ്ങനെ ഈ പ്രധാനയിനങ്ങളിൽ മാത്രമായി 85 കോടി രൂപയിൽ കവിഞ്ഞ ഒരു തുക ബഡ്ജറിൽ വിഭാവന ചെയ്യാത്ത അധിക ബാദ്ധ്യതയായി ഗവൺമെൻറ് ഏറ്റെടുക്കേണ്ടിവന്നു. ചെലവ് ചുരുക്കൽ ഉത്തരവുകളൊന്നും ഈ വർഷം പുറപ്പെടുവിക്കാതെയിരുന്നതുകൊണ്ട് സാധാരണ ചെലവിനങ്ങളിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് നേരിടേണ്ടിവന്ന കൂടുതൽ ചെലവ് ഈ തുകയിൽ ഉൾപ്പെടുന്നില്ല. ഈ പശ്ചാത്തലത്തിൽ, മദ്ധ്യകാല വായ്പയിൽനിന്നു കിട്ടിയ 242 കോടി രൂപയിലെ താൽക്കാലിക മിച്ചമായ 37 കോടി രൂപ തട്ടിക്കിഴിച്ച ശേഷവും ഏതാണ്ട് 48 കോടി രൂപയുടെ കമ്മിയെങ്കിലും ഈ വർഷാവസാനം ഉണ്ടായേക്കാമെന്ന സ്ഥിതിയാണ് ഇതുമൂലം നമുക്ക് നേരിടേണ്ടിവന്നത്.

80. കേന്ദ്ര ഗവൺമെൻറ് സംസ്ഥാനങ്ങളുടെ ഓവർ ഡ്രാഫ്റ്റ് നിറുത്തിയ സാഹചര്യത്തിൽ കമ്മി പൂർണ്ണമായി ഒഴിവാക്കുക മാത്രമല്ല ചില പ്രത്യേക സന്ദർഭങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്കുവേണ്ടി ഒരു മിച്ചം കരുതി വയ്ക്കുകകൂടി ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് നമ്മെ സംബന്ധിച്ചിടത്തോളം ഓണം, ബക്രീദ്, ക്രിസ്തുമസ് കാലങ്ങൾ ഗവൺമെൻറിൽ നിന്നു കൂടുതൽ പണം ചെലവാകുന്ന സമയങ്ങളാണ്. വർഷം മൊത്തമായി എടുത്താൽ കമ്മിയില്ലാതിരുന്നാൽപ്പോലും ഇത്തരം സന്ദർഭങ്ങളിൽ ഓവർ ഡ്രാഫ്റ്റുണ്ടാകും. ഏഴു ദിവസത്തിൽ കൂടുതൽ ഓവർഡ്രാഫ്റ്റ് തുടർന്നാൽ നമ്മുടെ ബില്ലുകളും ചെക്കുകളും റിസർവ് ബാങ്കിൻെറ നിർദ്ദേശപ്രകാരം തടഞ്ഞുവയ്ക്കും. ഗവൺമെൻറിൻെറ പ്രവർത്തനം സ്തംഭിക്കുക എന്നതാണ് ഇതിൻെറ ഫലം. മേൽപ്പറഞ്ഞ 48 കോടി കമ്മിയുമായി മുന്നോട്ടുപോയാൽ ഇത്തരം ഒരു പ്രതിസന്ധിയിലായിരിക്കും ഗവൺമെൻറ് ചെന്നെത്തുകയെന്ന് വ്യക്തമായിരുന്നു.

1986-87-ലെ പദ്ധതി ചർച്ചകൾ

81. അതോടൊപ്പം മറെറാരു പ്രശ്നവും നമ്മെ നേരിട്ടു. അടുത്ത വർഷത്തെ പദ്ധതിക്കുവേണ്ട പണം കണ്ടെത്തുക എന്നത്. ഏറെവും വലിയ വൈഷമ്യം എട്ടാം ധനകാര്യക്കമ്മീഷൻെറ ശുപാർശകളുടെ ഫലമായുണ്ടായ കമ്മി നേരിടുക എന്നതായിരുന്നു. കേരളത്തിന് പ്രതികൂലമായ ശുപാർശകളാണ് എട്ടാം ധനകാര്യക്കമ്മീഷൻ രൂപപ്പെടുത്തിയതെന്ന കാര്യം കഴിഞ്ഞ ബഡ്ജറ് പ്രസംഗത്തിൽ വസ്തുതകളും കണക്കുകളും ഉദ്ധരിച്ച് വ്യക്തമാക്കിയിരുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. നോൺ-പ്ലാൻ ഇനത്തിൽ 351 കോടി രൂപയുടെ കമ്മിയാണ് 1986-87-ൽ ഉണ്ടാകും എന്ന്

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗ് കമ്മീഷനിലേയും കേന്ദ്ര ധനകാര്യവകുപ്പിലേയും നമ്മുടേയും ഉദ്യോഗസ്ഥൻമാർ കണക്കുകൂട്ടിയത്. പദ്ധതിയുടെ കാര്യത്തിൽ 1985-86 നേക്കാൾ വർദ്ധനവു വേണമെന്ന് നമുക്ക് നിർബന്ധമുണ്ടായിരുന്നു. .10 ശതമാനമെങ്കിലും വർദ്ധനവുണ്ടാകണമെങ്കിൽ 390 കോടി രൂപയുടെ അടങ്കലെങ്കിലും ആവശ്യമാണ്. മേൽപ്പറഞ്ഞ 351 കോടി രൂപയുടെ നോൺ-പ്ലാൻ കമ്മി നികത്തി 390 കോടി രൂപയുടെ പദ്ധതിക്ക് രൂപം കൊടുക്കുവാൻ നമുക്ക് വേണ്ടത് 741 കോടി രൂപയായിരുന്നു. കേന്ദ്ര ഗവൺമെൻറ് ഒരു പ്രത്യേക പരിഗണനയായി നമുക്ക് നൽകിയ 75 കോടി രൂപയുടെ അഡ്വാൻസ് ഉൾപ്പെടെ ആകെ 280 കോടി രൂപയുടെ സെൻട്രൽ അസിസ്റ്റൻസ് നമുക്ക് ലഭിച്ചു. 139 കോടി രൂപ പൊതുക്കടമായും ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും സംഭരിക്കാമെന്ന് ധാരണയായി. ബാക്കി വന്ന 322 കോടി രൂപ നമ്മുടെ സ്വന്തം വിഭവ രൂപീകരണംകൊണ്ട് നേടണമെന്ന് വ്യക്തമാക്കി. നിലവിലുള്ള വരുമാന മാർഗ്ഗങ്ങളിൽ നിന്നുള്ള തുക കഴിച്ച് 130 കോടി രൂപയുടെ അധികവിഭവ സമാഹരണം കൂടി നടത്തിയാലേ 1986-87-ൽ ഇത്രയും വിഭവരൂപീകരണം നടത്താൻ സാധിക്കൂ എന്ന് പ്ലാനിംഗ് കമ്മീഷൻ ചൂണ്ടിക്കാട്ടി. നികുതികളും വർദ്ധിപ്പിച്ച് 130 കോടി രൂപ ഒരു വർഷം സമാഹരിക്കാനാവില്ലല്ലോ. ഈ ചുറ്റുപാടിലും ഈ വർഷാവസാനത്തെ സാമ്പത്തികനിലയ്ക്ക് വലിയ പ്രാധാന്യം കൈവന്നു. പ്ലാനിംഗ് കമ്മീഷനുമായി ജനുവരിയിൽ നടന്ന ചർച്ചകളിൽ ഏതെല്ലാം മാർഗ്ഗത്തിലൂടെയാണ് ഈ 130 കോടി രൂപ സമാഹരിക്കുക എന്ന് മുഖ്യമന്ത്രിയും ഞാനും കമ്മീഷനു വിശദീകരിച്ചുകൊടുക്കേണ്ടിവന്നു. ആ അവസരത്തിൽ ഞങ്ങൾ ഏറ്റെടുത്ത ഒരു ചുമതല ഈ വർഷം അവസാനം വാർഷിക പദ്ധതി ഒട്ടും കുറവു വരുത്താതെ നടപ്പാക്കി, മറെറല്ലാ അത്യാവശ്യ ചെലവുകളും നേരിട്ടശേഷം, ഒരു നല്ല മിച്ചമുണ്ടാക്കാമെന്നും ആ മിച്ചം കൂടി ചേർത്ത് അടുത്ത വർഷം 390 കോടി രൂപയുടെ പദ്ധതി നടപ്പാക്കാമെന്നുമായിരുന്നു. സംസ്ഥാനത്തിൻെറ ചരിത്രത്തിൽ മുൻപൊരിക്കലും ഏറ്റെടുക്കാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത ഒരു ഉത്തരവാദിത്വമായിരുന്നു ഇത്.

1985-86-ലെ നേട്ടം, പുതുക്കിയ അടങ്കലുകൾ

82. അങ്ങനെ ഈ വർഷം നല്ലൊരു മിച്ചമുണ്ടാക്കുക എന്ന ലക്ഷ്യത്തിന് രണ്ടാംസ്ഥാനത്തിൽ നിർണ്ണായകമായ പ്രാധാന്യം കൈവന്നു. ഓവർഡ്രാഫ്റ്റ് ഒഴിവാക്കി ഈ വർഷത്തെ പദ്ധതി നടപ്പാക്കുമ്പോൾ ഗവൺമെൻറിൻെറ പ്രവർത്തനം സ്തംഭിക്കാതിരിക്കാനും അടുത്ത വർഷം മുതൽ മുടക്കു കൂടിയ ഒരു പദ്ധതിക്ക് വക കാണുവാനും അത്തരം ഒരു മിച്ച ബഡ്ജറ്റ് കൂടിയേ തീരൂ.

83. ഈ പശ്ചാത്തലത്തിൽ പുതുക്കിയ അടങ്കലുകളനുസരിച്ച് നമുക്ക് 1985-86 സാമ്പത്തിക വർഷത്തിൻെറ അവസാനം കമ്മി ഒട്ടും ഉണ്ടാവുകയില്ലെന്നു മാത്രമല്ല 82.13 കോടി രൂപയുടെ മിച്ചം ഉണ്ടാവുകയും ചെയ്യുമെന്ന് കൃതാർത്ഥതയോടെ, അഭിമാനത്തോടെ ഞാൻ ബഹുമാനപ്പെട്ട സഭാംഗങ്ങളെ അറിയിക്കട്ടെ. 48 കോടി രൂപ കമ്മിയുണ്ടാകുമായിരുന്ന ചുറ്റുപാടിലാണ് ഇത്രയും മിച്ചം നാം ഉണ്ടാക്കുക. അതായത് കേന്ദ്ര നികുതി വിഹിതത്തിൽ വന്ന 30 കോടി രൂപയുടെ വർദ്ധനയ്ക്കു പുറമേ, ഈ ഒരു വർഷത്തിൽ 100 കോടി രൂപയുടെ അഭിവൃദ്ധി നാം കൈവരുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷത്തെ 92 കോടി രൂപ കൂടി കണക്കാക്കിയാൽ രണ്ടുവർഷംകൊണ്ട് നമ്മുടെ സാമ്പത്തിക സ്ഥിതിയിൽ നമ്മുടെ പ്രയത്നം കൊണ്ടുമാത്രം കൈവരിക്കാൻ കഴിഞ്ഞ പുരോഗതി 192 കോടി രൂപയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതിനു മുൻപൊരിക്കലും ഈ വർഷത്തെപോലെ ഇത്ര വലിയൊരു വർഷാവസാന മിച്ചമോ ചുരുങ്ങിയ രണ്ടു വർഷക്കാലത്തിനുള്ളിൽ ബഡ്ജറിലും

LIBRARY ARCHIVES Kerala Legislative Assembly